പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1299 — 10/08/2017 ൽ മറുപടി നൽകിയത്

# സർവ്വേയർമാരുടെ നിയമനം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സർവ്വേ ഭൂരേഖ വകുപ്പിൽ ആവശ്യത്തിന് സർവ്വേയർമാർ ഇല്ലാത്തതിനാൽ റീസർവ്വേ സംബന്ധിച്ചും വസ്തു തർക്കങ്ങൾക്കും പരിഹാരം കാണുന്നതിൽ കാലതാമസം വരുന്നുവെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സാഹചര്യം സാധാരണ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്നുണ്ടെന്നത് ഗൗരവമായി കാണുമോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സർവ്വേയർ തസ്തികയിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഈ തസ്തികയുടെ പരീക്ഷ നടന്നിട്ടുള്ളത്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന് എന്താണ് കാരണം ;

നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് എന്നാണ് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ടായിട്ടുണ്ട് ; ഈ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സർവ്വേയർ തസ്തികയിൽ നിയമനം നടത്തുന്നതിനായി 26/11/2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 415/2015 ആയി അപേക്ഷ ക്ഷണിച്ചു കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും 20/08/2016 ന് ഒ.എം.ആർ പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 17 എൻ.ജെ.ഡി. ഒഴിവുകൾ 15,1,1 എന്ന ക്രമത്തിൽ യഥാക്രമം 26/03/2014, 08/04/2014, 30/05/2014 എന്നീ തീയതികളിലും 68 പുതിയ ഒഴിവുകൾ 22/01/2016 നും (ആകെ 85 ഒഴിവുകൾ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017 ആഗസ്റ്റ് മാസം 25-ാം തീയതി 48 ഒഴിവുകൾ കൂടാതെ മുൻ കാലങ്ങളിൽ റിപ്പോർട്ട് ചെയ്ത 85 ഒഴിവുകൾ ഉൾപ്പെടെ ആകെ 133 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സർവ്വെ ഭൂരേഖ വകുപ്പിൽ സർവ്വേയർ തസ്തികയിൽ നിയമനം നടത്തുന്നതിന് അവസാനമായി പരീക്ഷ നടന്നിട്ടുള്ളത് എന്നാണ് ; അന്ന് എത്ര പേർക്ക്

(സി) 20/08/2016 ൽ. ആയതിന്റെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ ടി തസ്തികയുടെ മുൻ റാങ്ക് ലിസ്റ്റിൽ 2612 പേരെ ഉൾപ്പെടുത്തുകയും അതിൽ 898 പേർക്ക്

| | | | |
|---|---|---|---|
| | നിയമനം നൽകി ; എത്ര പേരുടെ റാങ്ക് ലിസ്റ്റ് ആണ് പ്രസിദ്ധീകരിച്ചിരുന്നത് ; | | നിയമന ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സർവ്വേയർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുമോ; ഇല്ലെങ്കിൽ മുൻ ഉത്തരവുകളിൽ വെട്ടിക്കുറച്ച് തസ്തികകൾ പുന:സ്ഥാപിക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സർവ്വേ സംബന്ധിച്ച ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വകാര്യ ഏജൻസികൾ മുഖേന ചെയ്യുന്ന ജോലികളിലെ സ്വീകാര്യതയെ കുറിച്ച് ഗൗരവമായി ആലോചിട്ടുണ്ടോ; ഇങ്ങനെ തയ്യാറാക്കുന്ന രേഖകളിലെ അപാകതകളുടെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുമോ ; വിശദാംശം നൽകാമോ ; ഇത്തരത്തിലുള്ള മുൻ സംരംഭങ്ങൾ വിജയകരമായിരുന്നി ല്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | സർവ്വേ സംബന്ധിച്ച ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല. ഇത് സംബന്ധിച്ച പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. സർവ്വേ ജോലികൾ കേന്ദ്രസർക്കാർ അംഗീകരിച്ച ഏജൻസികളെക്കൊണ്ട് നടപ്പിലാക്കുന്നതും അതുമൂലമുണ്ടായേക്കാമെന്ന് ആക്ഷേപമുള്ള വിഷയങ്ങൾ വിശകലനം ചെയ്ത ശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുകയുള്ളൂ. |
| (എഫ്) | സർവ്വേ ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചാൽ സർവ്വേയർ യോഗ്യതയുള്ള തൊഴിൽ രഹിതരായവർക്ക് സർക്കാർ ജോലി സാധ്യത നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകു മെന്ന കാര്യം ഗൗരവമായി കാണുമോ; എങ്കിൽ സർവ്വേ ജോലികൾ സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നത് പുന:പരിശോധിക്കുമോ ? | | |

സെക്ഷൻ ഓഫീസർ